## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1708 — 25.03.2013-ൽ മറുപടിയ്ക്ക്

## <u>വിരമിച്ച ജീവനക്കാരുടെ നിയമനം</u>

| | **ചോദ്യം**<br>ശ്രീ. റ്റി. വി. രാജേഷ് | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലുമായി എത്ര പെൻഷൻ പറ്റിയ ജീവനക്കാരെയും താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ; | | **(എ) യും (ബി) യും**<br>വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിൽ പെൻഷൻ പറ്റിയവർ എത്ര ; പ്രസ്തുത ജീവനക്കാർക്ക് പെൻഷനും വേതനവും നൽകുന്നത് സർക്കാരിന് അധിക ബാധ്യത ഉണ്ടാക്കുകയില്ലേ ; | | |
| (സി) | പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | **(സി) യും (ഡി) യും**<br>നിയമനം പി.എസ്.സി.ക്ക് വിട്ടു കൊടുത്ത എല്ലാ തസ്തികകളിലും പി.എസ്.സി. വഴി മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്ന നിർദ്ദേശം നിലവിലുണ്ട്. അതുപോലെ പി.എസ്.സി ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടക്കമുള്ള എല്ലാ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും അടിയന്തിരമായി നിയമനം നടത്തണമെന്ന നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്. |
| (ഡി) | ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ